നം.കെ.എസ്.എ-കെ.ടി.എം.പി7/21/2020 തീയതി :27.02.2020

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.02.2019 മുതൽ 26.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 23.12.2019 വരെ നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 07.01.2020-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	**ശ്രീ.സാബു സി.ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ**	
ഓഡിറ്റിന് വിനിയോഗിച്ച സമയം	27.12.2019 മുതൽ 07.01.2020 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.പ്രസാദ് പി. ജി.	ഓഡിറ്റ് ഓഫീസർ
	ശ്രീ.ഷാന്റി ജോർജ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ.ഉണ്ണികൃഷ്ണൻ എം.	ഓഡിറ്റർ.
	ശ്രീമതി ജാസ്മിൻ എസ്.	ഓഡിറ്റർ.

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി റെനി ബിജോയി	01.04.2018 മുതൽ 31.03.2019 വരെ
സെക്രട്ടറി	ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ	01.04.2018 മുതൽ 31.03.2019 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

കൃഷി ഓഫീസർ	ശ്രീ.അബ്രഹാം സെബാസ്റ്റ്യൻ	01.04.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	ഡോ.വിനിയ ജോർജ്	01.04.2018 മുതൽ 21.04.2018 വരെ
	ഡോ.നിർമൽ മാത്യു ജോസ്	22.04.2018 മുതൽ 10.10.2018 വരെ

	ഡോ.ഹെയ് ലിൻ ജേക്കബ്	11.10.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ.തുളസിഭായ് സി.ആർ.	01.04.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ.ഹേമ കെ.കർത്താ	01.04.2018 മുതൽ 31.03.2019 വരെ
വെറ്ററിനറി സർജൻ	ഡോ.സുധീർ പി.എസ്.	01.04.2018 മുതൽ 31.03.2019 വരെ
അസിസ്റ്റന്റ് എൻജിനീയർ	ശ്രീ.രാജേഷ് ഡി.നായർ, ഓവർസിയർ (അസിസ്റ്റന്റ് എൻജിനീയർ, ചാർജ്ജ്)	01.04.2018 മുതൽ 31.07.2018 വരെ
	ശ്രീമതി സ്മിത കെ.	01.08.2018 മുതൽ 31.03.2019 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി കൊച്ചുറാണി തോമസ്	01.04.2018 മുതൽ 31.03.2019 വരെ
വി.ഇ.ഒ, ഇടമറ്റം	ശ്രീ.അജിത് കുമാർ ജി.	01.04.2018 മുതൽ 08.09.2018 വരെ
	ശ്രീമതി രാജിമോൾ കെ.ആർ.	24.09.2018 മുതൽ 31.3.2019 വരെ
വി.ഇ.ഒ., പൂവരണി	ശ്രീമതി മേരിക്കുട്ടി ജോസഫ്	01.04.2018 മുതൽ 17.07.2018 വരെ
	ശ്രീ.സിയാദ് വി.എ.	18.07.2018 മുതൽ 31.03.2019 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ.ലിബീഷ് മാത്യു	01.04.2018 മുതൽ 31.03.2019 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.സുരേഷ് സാമുവൽ	01.04.2018 മുതൽ 20.06.2018 വരെ
	ശ്രീമതി മിനിജ പി.തോമസ്	21.06.2018 മുതൽ 08.07.2018 വരെ
	ശ്രീ.ഷാഹുൽ അഹമ്മദ്	09.07.2018 മുതൽ

		09.10.2018 വരെ
	ശ്രീമതി മിനിജ പി.തോമസ്	10.10.2018 മുതൽ 31.03.2019 വരെ
ഹെഡ്മാസ്റ്റർ	ശ്രീ.ജോർജ് തോമസ്	01.04.2018 മുതൽ 31.03.2019 വരെ

ഉള്ളടക്കം

ഖണ്ഡിക നമ്പർ	വിഷയം
ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്	
1-1	ബജറ്റ്
1-2	ഫണ്ട് വിനിയോഗം
1-3	പദ്ധതി അവലോകനം
1-4	ആഭ്യന്തരനിയന്ത്രണം
1-5	ക്യാഷ് വെരിഫിക്കേഷൻ
1-6	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-7	വാർഷിക കണക്കുകളുടെ അവലോകനം
1-8	വസ്തുനികുതി ഒഴിവാക്കിയത്
1-9	വസ്തുനികുതി-കുടിശ്ശിക തുക ഈടാക്കിയില്ല
1-10	എബീസ് മെറ്റൽ ക്രഷർ, ഇടമറ്റം-വസ്തുനികുതി നിർണ്ണയം-അപാകത
1-11	പെർമിറ്റില്ലാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവത്കരണം-നിയമാനുസൃതഫീസ് ഈടാക്കുന്നില്ല
1-12	പൂവരണി സേക്രട്ട് ഹാർട്ട് ചർച്ച് പാരിഷ് ഹാൾ-പൂർത്തീകരിക്കപ്പെട്ട് ഉപയോഗക്ഷമമാക്കിയിട്ടും നികുതി ഈടാക്കിയില്ല
1-13	തൊഴിൽനികുതി ഈടാക്കിയില്ല
1-14	ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ-ലേലം ചെയ്യാത്തതിനാൽ വാടകരഹിതമായി നിലനിൽക്കുന്നു
1-15	ലൈസൻസ് അപേക്ഷകളിന്മേൽ നിയമാനുസൃത തുടർനടപടി സ്വീകരിച്ചില്ല-ഫീസ് ഈടാക്കിയില്ല
1-16	അനുമതി സാക്ഷ്യപത്രങ്ങൾ കൂടാതെ ലൈസൻസ് അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല
1-17	ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് അടവാക്കിയില്ല
1-18	അനധികൃത ബോർഡുകൾ നീക്കം ചെയ്യൽ-ചെലവ് തുക ഈടാക്കിയില്ല
1-19	വിമുക്തി-ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി വാങ്ങിയ ഫുട്ബോളുകളുടെ വിതരണവിവരം ഇല്ല
1-20	ശുചിത്വമിഷൻ-തുക തിരിച്ചടവ് രേഖകൾ ലഭിച്ചില്ല
1-21	മത്സ്യമാർക്കറ്റിൽ അനധികൃത ഇറച്ചിവ്യാപാരം

1-22	മരാമത്ത് പ്രവൃത്തികൾ-കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കുന്നില്ല
1-23	എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത്
1-24	ആധുനിക മത്സ്യമാർക്കറ്റ്-ആസ്തിയുടെ സംരംക്ഷണത്തിലും പരിപാലനത്തിലും വീഴ്ച-ശീതീകരണ യൂണിറ്റ് നാശോന്മുഖമായിരിക്കുന്നു
1-25	ആധുനിക അറവുശാല-നിഷ്ക്രിയ ആസ്തിയായി തുടരുന്നു
1-26	അങ്കണവാടിയുടെ മുകൾനിലയിൽ പോസ്റ്റ്ഓഫീസ് പ്രവർത്തനം-കരാർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇല്ല
1-27	ലൈഫ്മിഷൻ (ജനറൽ)-പദ്ധതി പൂർത്തീകരിച്ചില്ല
1-28	മെഷിനറി ഫീ ഈടാക്കിയതിൽ കുറവ്
ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ - ഇല്ല
ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ
ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം
4-2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
4-4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
4-5	വായ്പ/വായ്പ തിരിച്ചടവ്
4-6	സ്ഥിരനിക്ഷേപം
4-7	ഓഡിറ്റ് റിക്കവറി
4-8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
4-9	ചാർജ്/സർചാർജ് നടപടികളുടെ വിവരം
4-10	ഓഡിറ്റ് പ്രത്യവലോകനം
4-11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം 2018-19
അനുബന്ധം 2	ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ
അനുബന്ധം 3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19
അനുബന്ധം 4	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19

ഭാഗം -1

പൊതു അവലോകനം

ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 23.3.2018 തീയതിയിലെ I(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും യഥാർത്ഥ വരവുചെലവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു. 29.1.2019ൽ ബജറ്റ് പുതുക്കിയിട്ടുണ്ട്.

ഇനം	ബജറ്റ് പ്രതീക്ഷ	പരിഷ്കരിച്ച ബജറ്റ്	യഥാർത്ഥം
മുന്നിരിപ്പ്	61,98,880	73,96,057	69,75,719.53
വരവ്	9,20,31,800	9,36,03,554	5,13,15,614
ആകെ	9,82,30,680	1,00,99,911	5,82,91,333.53
ചെലവ്	9,67,11,100	9,87,35,626	4,76,10,603
നീക്കിയിരിപ്പ്	15,19,580	22,63,985	1,06,80,730.53

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1-2 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് തുക	ആകെ	ചെലവ്	ലാപ്സായ തുക/ നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	1,06,60,000	1,06,60,000	1,01,75,313	4,84,687
വികസനഫണ്ട് എസ്.സി.പി.	0	18,17,000	18,17,000	14,90,020	3,26,980
വികസനഫണ്ട് ടി.എസ്.പി.	0	1,35,000	1,35,000	75,000	60,000
സംരക്ഷണഗ്രാന്റ് റോഡ്	0	1,03,55,000	1,03,55,000	69,82,316	33,72,684
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	27,80,000	27,80,000	18,26,136	9,53,864
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	49,48,000	49,48,000	21,43,383	28,04,617
ജനറൽ പർപ്പസ് ഫണ്ട്	20,68,520	71,27,929	91,96,449	67,01,940	24,94,509
ബി ഫണ്ട്	0	57,600	57,600	57,600	-
ജോയിന്റ്വെഞ്ചർ ടി.എസ്.ബി, ട്രഷറി	2,27,861	24,84,014	22,56,153	17,02,954	5,53,199
കറന്റ് അക്കൗണ്ട്	49,744	75,385	1,25,129	0	1,25,129
തനതുഫണ്ട്		1,13,82,546		47,84,064	43,98,445 തനതുഫണ്ട് വരവുചെലവ് തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനതുഫണ്ട് അക്കൗണ്ടുകളിൽ തനതുഫണ്ട് എന്ന് വിവക്ഷിക്കാൻ പറ്റാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനതുഫണ്ടിന്റെ മാത്രമായ, പ്രാരംഭബാക്കി

					നീക്കിയിരുപ്പ് കൃത്യത ഉറപ്പാക്കാനാവുന്നില്ല (1,45,282 രൂപ കാഷ് ബാലൻസ് അവശേഷിക്കുന്നു).

<u>ക്ഷേമപദ്ധതികൾ</u>

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	57,600	35
കർഷകത്തൊഴിലാളി പെൻഷൻ	18,70,200	147
വിധവാ പെൻഷൻ	54,51,700	450
വാർദ്ധക്യകാലപെൻഷൻ	1,23,45,900	1064
വികലാംഗപെൻഷൻ	20,65,600	166
50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം	5,70,400	48
വിവാഹധനസഹായം	30,000	1

<u>തൊഴിലുറപ്പു പദ്ധതി</u>

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	54,440	3,80,238	4,34,678	3,79,461	55,217
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	1,15,04,142	1,15,04,142	1,15,04,142	0
	54,440	1,18,84,380	1,19,38,820	1,18,83,603	55,217

വാർഷികകണക്കുകൾ പ്രകാരമുള്ള തുകകളും യഥാർഥ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണസമിതി യോഗം 5.1.2018 തീയതിയിൽ ചേർന്നു. പുന:സംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 19.1.2018ലും യോഗങ്ങൾ ചേരുകയുണ്ടായി. പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭ 17.2.2018 മുതൽ 27.2.2018 വരെയുള്ള കാലയളവിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. 14.3.2018 ൽ നടന്ന വികസനസെമിനാറിൽ വാർഷികപദ്ധതി പ്രോജക്ടുകൾക്ക് അന്തിമരൂപം നല്കി. 15.3.2018ലെ I(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷികപദ്ധതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതി 11.2.2019 ലെ 490/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകരിച്ചു.

അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
162	5,77,28,438	103	3,16,02,231	-	59	64

ആകെയുള്ള 162ൽ 103 പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. 24 സ്പിൽഓവർ പ്രോജക്ടുകളിൽ 23 എണ്ണം പൂർത്തീകരിച്ചു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ ഒരു സ്പിൽഓവർ പ്രോജക്ട് തൻവർഷവും നടപ്പാക്കുകയുണ്ടായില്ല. സാമ്പത്തികവർഷാവസാനം പൂർത്തിയാക്കിയ 41,92,429/- രൂപയുടെ 33 ബില്ലുകൾ മാറാനാവാതെ ട്രഷറിയിൽ 'ക്യൂ'വിലായിരുന്നു. വാർഷികപദ്ധതി അടങ്കൽതുകയുടെ 55% മാത്രമാണ് ചെലവഴിക്കപ്പെട്ടത്.

വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് 80.02 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടതിനാൽ നഷ്ടമായി

ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

ക്രമ നമ്പർ	ഫണ്ടിനം	ലാപ്സായ തുക

1	വികസനഫണ്ട്, പൊതുവിഭാഗം	4,84,687
2	വികസനഫണ്ട്, എസ്.സി.പി	3,26,980
3	വികസനഫണ്ട്, റ്റി.എസ്.പി	60,000
4	മെയിന്റനൻസ് ഗ്രാന്റ്, റോഡ്	33,72,684
5	മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം	9,53,864
6	ധനകാര്യകമ്മീഷൻ ഗ്രാന്റ്	28,04,617
	ആകെ	**80,02,832**

ഇതിൽ ഭേദഗതി കൂടാതെ തുടരുന്ന സ്പിൽഓവർ പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ ടി തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

കൂടാതെ മാർച്ച് മാസം അവസാനം പ്രവൃത്തിപൂർത്തിയാക്കി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ 'ക്യൂ' വിലായതുമൂലം 41,92,429/- രൂപയുടെ ബില്ലുകൾ 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്ന് മാറിയതിനാൽ 2019-20ലെ പ്രോജക്ടുകൾക്കായി ഇത്രയും തുകയുടെ ലഭ്യതക്കുറവും ഉണ്ടാകുന്നു.

സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെ 12 നിർവ്വഹണ ഉദ്യോഗസ്ഥരാണ് വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കിയത്. വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി(ജനറൽ)യ്ക്കായാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തത്.കൂടാതെ പ്രത്യേകം പരാമർശിക്കേണ്ട പ്രോജക്ടാണ് പഞ്ചായത്തോഫീസ് കെട്ടിടനിർമ്മാണം. പ്രോജക്ട് നം.144/19(രണ്ടാം ഘട്ടം, സ്പിൽ ഓവർ), 45/19(മൂന്നാം ഘട്ടം)എന്നിവയിലൂടെ വികസനഫണ്ട് 13,14,314 രൂപയും തനത് ഫണ്ട് 27,05,679/-രൂപയുമാണ് ചെലവഴിക്കപ്പെട്ടത്. മാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് ശേഖരണത്തിന് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ടെങ്കിലും വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കുന്നില്ല. ആയതിനാൽ യൂസർഫീ ഈടാക്കി ഹരിതകർമസേനയ്ക്ക് കൃത്യമായി പ്രതിഫലം നൽകേണ്ടതും പ്ലാസ്റ്റിക് മാലിന്യശേഖരണം കൂടുതൽ ഫലപ്രദമാക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയ 102 പ്രോജക്ടുകളിൽ കേവലം 49 എണ്ണം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. ഇതിൽ ഭൂരിപക്ഷവും റോഡ് കോൺക്രീറ്റിംഗ് പ്രോജക്ടുകളുമാണ്. മറ്റുനിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ പതിവായി നടപ്പിലാക്കി വരുന്നവ മാത്രമാണ്. നൂതന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിൽ കാര്യമായ ശ്രമങ്ങൾ ഉണ്ടായില്ല.
ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് വ്യവസ്ഥാപിതമായ ആസൂത്രണ നടപടികളിലൂടെ രൂപപ്പെട്ട അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തുടങ്ങിയ അധികാര സ്ഥാനങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. ഫണ്ടുകൾ വീതംവച്ച് നിരവധി ചെറിയ പ്രോജക്ടുകൾ ഏറ്റെടുക്കുക വഴി വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം മാത്രം സാദ്ധ്യമാവുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതുണ്ട്. എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമാർജനമുൾപ്പെടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നിലവിലെ പാരിസ്ഥിതികവെല്ലുവിളികളെ അതിജീവിക്കാനാവശ്യമായ ദീർഘവീക്ഷണം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുമുണ്ട്. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-4 ആഭ്യന്തരനിയന്ത്രണം

ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി പശ്ചാത്തല സൗകര്യ മികവിലും പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലുള്ള ഗുണപരതയിലും സ്ഥാപനം കൈവരിച്ചിട്ടുള്ള നേട്ടം ഓഡിറ്റിൽ നേരിട്ട് ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടുണ്ട്. ജനസൗഹൃദ ഓഫീസ് എന്ന ആശയം ഏകദേശം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ചില മേഖലകളിൽ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്നാണ് ഓഡിറ്റിൽ വ്യക്തമാകുന്നത്. ഭരണസമിതി ഉദ്യോഗസ്ഥതലത്തിൽ ഏകോപനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഓഡിറ്റ് വർഷത്തെ സ്ഥിതി വിലയിരുത്തിയതിൽ നികുതിനികുതിയിതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും വേണ്ടത്ര നിഷ്കർഷ പുലർത്തിയിട്ടില്ല. വാർഷിക പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവർത്തനങ്ങൾ യഥാർത്ഥവിവരശേഖരങ്ങളുടെ അടിസ്ഥാനത്തിലല്ല നടക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് ശരിയായ അവസ്ഥാവിശകലനത്തിന് പര്യാപ്തമല്ല. പ്രോജക്ട് നിർവ്വഹണത്തിൽ മതിയായ നിയന്ത്രണങ്ങൾ, മേൽനോട്ടങ്ങൾ എന്നിവ ഉണ്ടാകുന്നില്ല. സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഫലപ്രദമായി വിനിയോഗിക്കാൻ

സാധിക്കുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഏറ്റെടുത്ത പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലും മതിയായ നിഷ്കർഷ പുലർത്തിയിരുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായ മോണിട്ടറിംഗ് നടപടികൾ ഉണ്ടായില്ല. പദ്ധതി പ്രവർത്തനനിലവാരം വർദ്ധിപ്പിക്കാനുതകും വിധം ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിത പ്രയത്നം ആവശ്യമാണ്.

1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.12.2019ൽ 3.30 പി.എം.-ന് അക്കൗണ്ടന്റ് ശ്രീ.ശ്രീകാന്ത് ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,987/- രൂപയുടെ കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട്/തീയതി
പെർഫോമൻസ് ഓഡിറ്റ്	11.4.2019 മുതൽ 12.4.2019 വരെ	2/2019	-
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16.1.2018 മുതൽ 27.1.2018 വരെ	2012-13 മുതൽ 2016-17 വരെ	No.LBA(HQ)IV/8A-2753/345/ 1.3.2018

1-7 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, ലഭ്യമായ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ 27.05.2019, 28.05.2019 തീയതികളിൽ പരിശോധിക്കുകയും അക്കൗണ്ട് സർട്ടിഫിക്കേഷൻ നടത്തുകയും ചെയ്തിരുന്നു. ഓഡിറ്റ് തീയതിയിലും ധനകാര്യപത്രികയിൽ നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 26.07.2011 ലെ ജി.ഒ. (എം.എസ്) 152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2019 ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3) വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) RP-31 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഇനം ഗ്രാന്റുകളുടെ വരവും B4- ഷെഡ്യൂളിലെ നീക്കിയിരിപ്പും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

5) RP -40(b)ഷെഡ്യൂളിൽ മീനച്ചിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ നിർമ്മൽ അക്കൗണ്ടിൽ 31.3.2019ലെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 18,757/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം 31.3.2019 ലെ നീക്കിയിരിപ്പ് 32,556/- രൂപയാണ്. വ്യത്യാസത്തിന് കാരണം വിശദീകരിച്ചിട്ടില്ല.

6) തൊഴിലുറപ്പ് പദ്ധതിയുടെ തുകയിൽ ഇ.എഫ്.എം.എസ്. മുഖേന ട്രാൻസ്ഫർ ചെയ്ത തുകകൾ (മെറ്റീരിയൽ കോസ്റ്റ് & വേജസ്), RP (16) പ്രകാരമുള്ള poverty alleviation ചെലവ് എന്നിവയാണ് 1-6 ഷെഡ്യൂളിൽ ഉൾപ്പെടേണ്ടത്. എന്നാൽ ഇ.എഫ്.എം.എസ്. പ്രകാരമുള്ള മെറ്റീരിയൽ കോസ്റ്റ് 2,57,000/- രൂപ ഉൾപ്പെടാതെയുള്ള തുക മാത്രമാണ് 1-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്.

7) B-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഇനം ഡെപ്പോസിറ്റ് തുകകളുടെ കൃത്യത വ്യക്തമാക്കിയില്ല.

8) B-18 ഷെഡ്യൂളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5,00,000/- രൂപ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത് അഡ്വാൻസ് എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-8 വസ്തു നികുതി ഒഴിവാക്കിയത്

താഴെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയതായി സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	സ്ഥാപന ഉടമ/സ്ഥാപനം	തറ വിസ്തീർണ്ണം [M2]	ഉപയോഗക്രമം
1.	IV/72	ട്രഷറർ, ഗുഡ് സമരിറ്റൻ പ്രോജക്റ്റ് ഇന്ത്യ, ഓശാന മൗണ്ട്, ഇടമറ്റം	97.92	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
	IV/77	ട്രഷറർ, ഗുഡ് സമരിറ്റൻ പ്രോജക്റ്റ് ഇന്ത്യ, ഓശാന മൗണ്ട്, ഇടമറ്റം	30	നികുതി, ഉപനികുതി എന്നിവ

				ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ [ജനറേറ്റർ മുറി]
	IV/78	ട്രഷറർ, ഗുഡ് സമരിറ്റൻ പ്രോജക്ട് ഇന്ത്യ, ഓശാന മൗണ്ട്, ഇടമറ്റം	20	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ [വെയ്റ്റിംഗ് ഷെഡ്]
2.	IV/53 B	ട്രഷറർ, കാത്തലിക് റിഫോർമേഷൻ ലിറ്ററേച്ചർ സൊസൈറ്റി ഓശാന മൗണ്ട്, ഇടമറ്റം	277.83	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ

ടി കെട്ടിടങ്ങളെ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [12/03.01.2020], ടി കെട്ടിടങ്ങളിൽ ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതിനാലാണ് നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ടി സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ [www.hosannamount.org], സ്ഥാപനത്തെക്കുറിച്ചുള്ള വിവരണവും പ്രവർത്തന മേഖലയും ഇപ്രകാരം ചേർത്തിരിക്കുന്നു. The HOSANNA MOUNT is the Administrative Centre of the twin Christian organisations - Catholic Reformation Literature Society [CRLS] and the Good Samaritan Project India [GSPI] established in 1975. These institutions are registered as, non - profit service organisations supported by donations from like minded organisations, friends and well wishers. പ്രസ്തുത സ്ഥാപനം, ഒരു എൻ.ജി.ഒ സ്ഥാപനത്തിന്റെ പ്രവർത്തന സ്വഭാവമുള്ളതും, പ്രത്യേകിച്ച് അർബുദ സാന്ത്വന പരിചരണ മേഖലയിൽ, പ്രതിഫലം സ്വീകരിക്കാതെ സമൂഹത്തിന് സേവനം നൽകി പ്രവർത്തിച്ച് വരുന്ന ഒരു സ്ഥാപനമാണെന്നും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടി, എൻ.ജി.ഒ സ്ഥാപനത്തിന്റെ പ്രവർത്തന സ്വഭാവമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുന്നതിന് നിലവിലെ കേരള പഞ്ചായത്ത് രാജ് [വസ്തു നികുതി] ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ടി കെട്ടിടങ്ങളെ അർഹമായ ഗണത്തിൽ ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതും, തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-9 വസ്തു നികുതി - കുടിശ്ശിക തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തു നികുതി കാലാകാലങ്ങളിൽ ഈടാക്കാത്തതിനെ തുടർന്ന് കുടിശ്ശികയായിട്ടുള്ളതായി, സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ നം.	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ	കുടിശ്ശിക കാലയളവ്	ആകെ നികുതി കുടിശ്ശിക [രൂപ]
1.	X/302	ബി.എസ്.എൻ.എൽ	2011 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധവർഷം വരെ	86,782/-

പ്രസ്തുത നികുതി തുക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [14/03.01.2020], കുടിശ്ശിക തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട്, റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടതും റിക്കവറി നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-10 എബീസ് മെറ്റൽ ക്രഷർ, ഇടമറ്റം - വസ്തു നികുതി നിർണ്ണയം - അപാകത

സ്ഥാപനത്തിന്റെ പേര്	എബീസ് മെറ്റൽ ക്രഷർ, ഇടമറ്റം
വ്യാപാരത്തിന്റെ സ്വഭാവം	മെറ്റൽ ക്രഷർ
വാർഡ് നം./കെട്ടിട നം.	IX/37

സ്ഥാപന ഉടമ	രാജൻ തോമസ്, മാളിയേക്കൽ, അരുവിത്തുറ
തറ വിസ്തീർണ്ണം	50.38 ച. മീ
ഉപയോഗക്രമം	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ
അടിസ്ഥാന വസ്തു നികുതി	2,015/- രൂപ

പ്രസ്തുത സ്ഥാപനത്തിന്റെ തറ വിസ്തീർണ്ണം 50.38 ച. മീറ്ററായി നിശ്ചയിച്ച് വസ്തു നികുതി നിർണ്ണയിക്കുവാൻ ആധാരമാക്കിയ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [15/03.01.2020], മറുപടി ലഭ്യമാക്കിയിട്ടില്ല. ടി നമ്പറിൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടം കൂടാതെ, വ്യവസായവുമായി ബന്ധപ്പെട്ടുള്ള ഇതര ആവശ്യങ്ങൾക്കായി വസ്തു നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത നിരവധി കെട്ടിടങ്ങൾ, സ്ഥാപന പരിധിയിൽ നിലനിൽക്കുന്നതായി നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സ്ഥല പരിശോധന നടത്തി, എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി, സ്ഥാപന പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളെയും അർഹമായ ഗണത്തിൽപ്പെടുത്തി കൃത്യമായ നികുതി നിർണ്ണയിച്ച് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും, സമയബന്ധിതമായി നികുതി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. സമാന രീതിയിലുള്ള നികുതിച്ചോർച്ച ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-11 പെർമിറ്റില്ലാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവത്കരണം - നിയമാനുസൃതഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്, 'കാറ്റഗറി II' വിഭാഗത്തിലുള്ളതാകയാൽ, ചട്ടപ്രകാരം 'വാസഗൃഹം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 3/- രൂപയും, 'വാണിജ്യം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 5/- രൂപയുമാണ് പെർമിറ്റ് ഫീസായി ഈടാക്കേണ്ടത്. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിലെ നിർദ്ദേശപ്രകാരം, പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കെട്ടിടങ്ങൾക്ക്, പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ, രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും (മൂന്ന് മടങ്ങ് തുക) ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കെട്ടിടങ്ങളിൽ ചിലതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട ഉടമ	തറ വിസ്തീർണ്ണം [m^2]	ഉപയോഗക്രമം	ഈടാക്കേണ്ടിയിരുന്ന ക്രമവത്കരണ ഫീസ്	ഈടാക്കിയ ക്രമവത്കരണ ഫീസ്	ഫീസിലുള്ള കുറവ്
[1]	[2]	[3]	[4]	[5]	[6]	[7]
1.	ജോസ് കെ.എം., കയ്യൂർ, മല്ലികശ്ശേരി	140.05	വാസഗൃഹം	140.05x9=1260.45	841	419.45
2.	ഔസേപ്പ് ചാണ്ടി, പാറേക്കാട്ട്, പൂവരണി	220.72	വാസഗൃഹം	220.72x9=1986.48	1324	662.48
3.	ഷിജു തോമസ്, പുത്തൻപുരക്കൽ, പൂവരണി	212.80	വാസഗൃഹം	212.80x9=1915.20	1395	520.20
4.	സീന ബെന്നി, മണിയാക്കുപാറ, പൂവത്തോട്	250.38	വാണിജ്യം	250.38x15=3755.70	2504	1,251.70
5.	ട്രസ്റ്റി, സെന്റ് മൈക്കിൾസ് ചർച്ച്, ഇടമറ്റം	961.78	വാണിജ്യം	961.78x15=14426.70	9618	4,808.70
6.	ഹണിമോൾ, പാറപ്പള്ളിക്കുന്നേൽ,	128.8	വാസഗൃഹം	128.8x9=1159.20	773	386.20

	പൂവരണി						
						ആകെ തുക	**8,048.73**

ഫീസിനത്തിൽ കുറഞ്ഞ തുക ഈടാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [16/03.01.2020], ക്രമവത്കരണ ഫീസിനത്തിൽ കുറവ് തുക അടവാക്കിയ ബന്ധപ്പെട്ട കക്ഷികൾക്ക്, ശേഷിക്കുന്ന തുക അടവാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയിട്ടുള്ള കത്തുകളുടെ പകർപ്പ് ഉൾപ്പെടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയം സംബന്ധിച്ച് 11.11.2015 ൽ ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നല്കിയ സ്പഷ്ടീകരണത്തിൽ, ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച സംഗതികൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച അപേക്ഷകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും (മൂന്ന് മടങ്ങ് തുക) ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അർഹമായ തുകയിൽ സോഫ്റ്റ്‌വെയർ ന്യൂനത/പരിമിതി മൂലം കുറവുണ്ടാകുന്നത് ബന്ധപ്പെട്ട ഐ.ടി സാങ്കേതിക വിഭാഗവുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിലുണ്ടായ കുറവ്, ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി, രേഖകൾ ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 പൂവരണി സേക്രട്ട് ഹാർട്ട് ചർച്ച് പാരിഷ് ഹാൾ - പൂർത്തീകരിക്കപ്പെട്ട് ഉപയോഗക്ഷമമാക്കിയിട്ടും നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വാർഡ് VIII-ൽ സ്ഥിതി ചെയ്യുന്ന പൂവരണി സേക്രട്ട് ഹാർട്ട് ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ വിവാഹങ്ങളും മറ്റ് ചടങ്ങുകളും നടക്കുന്ന പാരീഷ് ഹാളിന്റെ നികുതി നിർണ്ണയം നടത്തിയ വിവരങ്ങൾ സഞ്ചയ വെബ് പോർട്ടലിൽ ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ 2011-12 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം A5- 4213/11/04.06.2012 നമ്പരായി അസ്സംബ്ലി കെട്ടിടം എന്ന ഉപയോഗക്രമത്തിന് 1451.61 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പള്ളി ട്രസ്റ്റിയുടെ പേരിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. ടി പെർമിറ്റ് പ്രകാരം നിർമ്മാണ കാലാവധി 04.06.12 മുതൽ 03.06.2015 തീയതി വരെയാണ്. 03.06.2015 ന് ശേഷം പെർമിറ്റ് പുതുക്കിയിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വിവാഹങ്ങളും മറ്റ് ആഘോഷങ്ങളും നടത്തുന്ന പാരീഷ് ഹാൾ ആയി ഉപയോഗിക്കുന്നുണ്ട് എങ്കിലും നാളിതുവരെ കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തിയിട്ടില്ല. ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചാൽ കണക്കാക്കാവുന്ന നികുതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റ തറ വിസ്തീർണ്ണം ച.മീറ്ററിൽ	അസംബ്ലി കെട്ടിടം എന്ന ഉപയോഗക്രമത്തിന് ച. മീറ്ററിന് ബാധകമായ നിരക്ക്	നിർണ്ണയിക്കാവുന്ന നികുതി അടിസ്ഥാന വസ്തു നികുതി
1451.61	20	29,032.2/- രൂപ

മേൽ പ്രസ്താവിച്ച പ്രകാരം പ്രതിവർഷം അടിസ്ഥാന വസ്തു നികുതി മാത്രം 29,032/-രൂപയാണ്. ഇത് പ്രകാരം 2015-16, 2016-17, 2017-18, 2018-19, 2019-20 എന്നീ അഞ്ച് സാമ്പത്തിക വർഷത്തെ അടിസ്ഥാന വസ്തു നികുതി മാത്രം 1,45,160/- രൂപ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നു. അടിസ്ഥാന വസ്തു നികുതിയിൽ അനുവദനീയമായ വർദ്ധനവ്/ഇളവ് എന്നിവ ബാധകമെങ്കിൽ, ആയതുകൂടി പരിഗണിക്കാവുന്നതാണ്. അടിയന്തിരമായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ കെട്ടിടം പരിശോധിച്ച് നികുതി നിർണ്ണയിച്ച് 2015-16, സാമ്പത്തിക വർഷം മുതൽ നികുതി ഈടാക്കേണ്ടതാണ്. സമാനമായ രീതിയിൽ നികുതി നിർണ്ണയത്തിൽ ഉൾപ്പെടാത്തതും, ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയം നടത്തി നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങൾ സംബന്ധിച്ചും പരിശോധന നടത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 സാമ്പത്തിക വർഷത്തെ കെ.എസ്.എ-കെ.ടി.എം/പി.7/210/2019/29.03.2019 നം. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (2-2) പ്രകാരം വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ബന്ധപ്പെട്ട പരാമർശത്തിന്മേൽ, നാളിതുവരെ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ നിജസ്ഥിതി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [17/03.01.2020] ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു.

എ5-4213/11/04.06.2012 നം. പെർമിറ്റ് നൽകിയിട്ടുള്ള അസംബ്ലി കെട്ടിടം, നിർമ്മാണം പൂർത്തിയാക്കി എ9-2183/19/31.05.2013ൽ നമ്പറിംഗ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ സംബന്ധിച്ച്, എൽ.എസ്.ജി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ പരിശോധനയിൽ, 2011ലെ കേരളാ പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57[8], 57[10], 57[13], 101, 102, 103 തുടങ്ങിയവ പാലിക്കാതെയാണ് ടി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിക്കുന്നതിനായി കെട്ടിട ഉടമക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. ടി ന്യൂനതകൾ പരിഹരിക്കാത്തതിനാൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാത്ത സ്ഥിതിയാണുണ്ടായിരുന്നത്. 29.07.2019 ൽ കോട്ടയം ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന കെട്ടിട നിർമ്മാണ/ കെട്ടിട നമ്പർ അദാലത്തിൽ ടി അപേക്ഷ പരിഗണിക്കുകയും അദാലത്ത് കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പ് കെട്ടിട ഉടമയ്ക്ക്

ലഭ്യമാക്കിയിട്ടുള്ളതും, ആയതിൽ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്.
കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ '235 [AA]' പ്രകാരം, ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ, ആയതിനെതിരെ സ്വീകരിക്കേണ്ട തുടർ നടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമിച്ചതാണെങ്കിൽ നൽകേണ്ടി വരുമായിരുന്ന നികുതിയും, അതിന്റെ രണ്ട് മടങ്ങും ചേർന്ന തുക വസ്തു നികുതിയായി കെട്ടിട ഉടമയിൽ നിന്നും ഈടാക്കണം. വസ്തു നികുതി ചട്ടം '20' പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന 'യു.എ' എന്നും, അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്നും കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്.
കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ '235 [AB]' പ്രകാരം, പഞ്ചായത്ത് രാജ് ആക്ടിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷ സംവിധാനങ്ങളെ സംബന്ധിച്ച് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിട നിർമ്മാണവും ക്രമവത്കരിക്കുവാൻ പാടില്ലാത്തതാണ്.
മേൽ വിവരിച്ച കെട്ടിടം/ഹാൾ പൂർത്തീകരിക്കപ്പെട്ട് ഉപയോഗക്ഷമമാക്കിയിട്ടും കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നത് ആശാസ്യമല്ല. നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് ഭീമമായ റവന്യൂ നഷ്ടവും (ആവർത്തന നഷ്ടം)ഉണ്ടാകുകയും ചെയ്യുന്നു. ടി വിഷയത്തിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് രേഖാമൂലം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കിയില്ല

(1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1.	എൽ.എസ്.ജി.ഡി മീനച്ചിൽ	I
2.	ജലനിധി പ്രോജക്ട്, മീനച്ചിൽ ഗ്രാമ പഞ്ചായത്ത്	II
3.	സെന്റ് തോമസ് യു.പി.സ്കൂൾ, പൂവത്തോട് [ഹെഡ്മാസ്റ്റർ, ഓഫീസ് അറ്റൻഡന്റ് എന്നിവർ ഒഴികെയുള്ള മറ്റ് അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ നിന്നും]	I, II
4.	ബി.എസ്.എൻ.എൽ, പൈക	II
5.	ലയൺസ് ചാരിറ്റബിൾ ട്രസ്റ്റ് ഐ ഹോസ്പിറ്റൽ [ഡോക്ടർമാരുടെ തൊഴിൽ നികുതി]	I, II
6.	അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I
7.	വിളക്കുമാടം ക്ഷീരോത്പാദക സഹകരണ സംഘം	I, II
8.	കവണാർ ലാറ്റക്സ് ലിമിറ്റഡ്	I, II
9.	വിളക്കുമരുത് - പച്ചാത്തോട് ക്ഷീരോത്പാദക സഹകരണ സംഘം	I, II
10.	പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകൾ	I, II
11.	പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കള്ള് ഷാപ്പുകൾ	I, II

(2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ ടേൺഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1.	ITHIEL കൺസ്ട്രക്ഷൻസ്	I, II
2.	ദി രാംകോ സിമെന്റ്സ് ലി.	I, II
3.	ബി.എസ്.എൻ.എൽ, പൈക	II
4.	ലയൺസ് ചാരിറ്റബിൾ ട്രസ്റ്റ് ഐ ഹോസ്പിറ്റൽ	I, II

5.	വിളക്കുമാടം ക്ഷീരോത്പാദക സഹകരണ സംഘം	I, II
6.	കവണാർ ലാറ്റക്സ് ലിമിറ്റഡ്	I, II
7.	വിളക്കുമരുത് - പച്ചാത്തോട് ക്ഷീരോത്പാദക സഹകരണ സംഘം	I, II
8.	പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകൾ	I, II
9.	പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കള്ള് ഷാപ്പുകൾ	I, II
10.	ജെ & ജെ ഫിനാൻസിയേഴ്സ്, പൈക	I, II
11.	പ്രഷ്യസ് ഫിനാൻസിയേഴ്സ്, വിളക്കുമരുത്, പൂവരണി	I, II
12.	പാംബ്ലാനിയിൽ എസ്.ജെ കൺസൾട്ടൻസി, പൈക	I, II
13.	എ & ബി അസോസിയേറ്റ്സ്, പൈക	I, II

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി രേഖകളുടെ പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [07/03.01.2020], തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. നികുതി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ-ലേലം ചെയ്യാത്തതിനാൽ വാടകരഹിതമായി നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ (നം.VI (1) & XI) ലേലം ചെയ്യാതെ നിലനിൽക്കുന്നതായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ലേല നടപടികൾ സ്വീകരിച്ചു കുത്തകക്കാരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്ന സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [05/03.01.2020], 2019 നവംബർ 6 തീയതിയിൽ ടി കടമുറികൾക്കായി ലേല നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായിരുന്നില്ലെന്നും 06.01.2020 തീയതിയിൽ പുനർലേലം നടത്തുന്നതിന് നോട്ടീസ് തയ്യാറാക്കിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർനടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 ലൈസൻസ് അപേക്ഷകളിന്മേൽ നിയമാനുസൃത തുടർനടപടി സ്വീകരിച്ചില്ല- ഫീസ് ഈടാക്കിയില്ല

ഓഡിറ്റ് വർഷം ലഭിച്ച വിവിധ ലൈസൻസ് അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ച് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുകയോ കാരണം ചൂണ്ടിക്കാട്ടി ലൈസൻസ് അപേക്ഷ നിരസിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപന ഉടമ	വ്യാപാരത്തിന്റെ സ്വഭാവം	ഫയൽ നം.
1.	പ്രമോദ് കെ.ടി., കണയങ്കൽ, പൂവരണി, വിളക്കുമാടം	റെസ്റ്റോറന്റ്	A5-1533/18/22.03.2018
2.	ലിജോ ജോൺ മത്തായി, വലിയതാഴയിൽ വാര്യാപുരം, ഇലന്തൂർ, പത്തനംതിട്ട	സൂപ്പർമാർക്കറ്റ്	A5-1830/18/11.04.2018
3.	ബെന്നി ജോസഫ്, പുല്ലാപ്പള്ളിൽ, പൂവരണി	മൊബൈൽ ഷോപ്പ്	A5-2027/2018/ 27.04.2018
4.	സജീവ് ഗോപി, പുളിക്കുഴിക്കൽ, ചെങ്ങളം	ഗ്ലാസ് ഹൗസ്	A5-2112/2018/ 03.05.2018
5.	സുനിൽ എം.ടി., തേവരോളിൽ, ഇടമറ്റം	സ്റ്റുഡിയോ	A5-2242/18/09.05.2018

6.	വിജയൻ കെ.എം, കുന്നുംപുറത്ത്, പൂവരണി	ഹോട്ടൽ	A5-2288/17/14.05.2018
7.	ബെന്തി ജെയിസ്, കണിയാംപറമ്പിൽ, മല്ലികശ്ശേരി	ബേക്കറി	A5-2293/18/14.05.2018
8.	അനൂപ് മിത്രൻ, മച്ചിയാനിക്കൽ, ഇടമറ്റം	അഗ്രികൾച്ചറൽ ആക്സിസറീസ്	A-3183/18/09.07.2018
9.	റോയ് ആന്റണി, ചിലമ്പിൽ, മീനച്ചിൽ	സ്റ്റേഷനറി ഷോപ്പ്	A5-3484/18/01.08.2018
10.	മുരളീധരൻ നായർ, ശ്രീ ഭവൻ, ഇടമറ്റം	സെക്യൂരിറ്റി സർവീസ്	A5-4921/18/08.11.2018
11.	ജോഷി ജേക്കബ്, തെക്കേടത്ത്, തിടനാട്	ബേക്കറി & കൂൾബാർ	A5-4943/18/09.11.2018
12.	അനീഷ് തോമസ്, നടുവത്താനിയിൽ, മീനച്ചിൽ	പലചരക്ക് & സ്റ്റേഷനറി	A5-5340/2018/ 07.12.2018

മേൽ അപാകത സംഭവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [11/03.01.2020], ടി സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച്, പ്രവർത്തനമുള്ള സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. 2018-19 വർഷത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, ഫീസ് ഒടുക്കാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ലാത്തതായും 2019-20 വർഷത്തിൽ അപേക്ഷ സമർപ്പിച്ചപ്പോൾ മുൻവർഷത്തെ ഫീസ് പിഴപ്പലിശയോടുകൂടി ഈടാക്കിയിട്ടുണ്ടെന്നും മറുപടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരമുള്ള നടപടികൾ നിയമാനുസൃതമല്ല. യഥാസമയം ലൈസൻസ് സമ്പാദിക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത നിരക്കിൽ പിഴ ഈടാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. ലഭിക്കുന്ന ലൈസൻസ് അപേക്ഷകളുടെ സാധുത പരിശോധിച്ച് ലൈസൻസ് അനുവദിച്ചു് ഉത്തരവായി ചട്ടപ്രകാരമുള്ള ഫീസുകൾ കക്ഷികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന നടപടിക്രമത്തിന് പകരം, ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന രീതി തുടരുന്നതായാണ് കാണുന്നത്. ആയതിനാൽ തന്നെ ഫീസ് ഒടുക്കി ലൈസൻസ് അനുവദിച്ചു് നൽകാത്ത കക്ഷികളുടെ സംബന്ധിച്ച രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ വരുന്നു. ആയത് ക്രമപ്രകാരമായ നടപടിയല്ല. ചട്ടപ്രകാരം ലൈസൻസ് രജിസ്റ്റർ പരിപാലിക്കേണ്ടതും, തുടർന്ന് അതാത് വർഷങ്ങളിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വീഴ്ച സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-16 അനുമതി സാക്ഷ്യപത്രങ്ങൾ കൂടാതെ ലൈസൻസ് അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല

ലൈസൻസ് അപേക്ഷയോടൊപ്പം ആവശ്യമായ അനുമതി സാക്ഷ്യപത്രങ്ങൾ ലഭ്യമാകാതെ ലൈസൻസ് അനുവദിച്ചു് നൽകിയിട്ടുള്ളതായി രേഖകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. കേവലം അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് അനുവദിച്ചു് നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	വ്യാപാരത്തിന്റെ സ്വഭാവം	ഫയൽ നം.
1.	കളപ്പുരക്കൽ മോട്ടോർ സർവീസ് [K.M.S] പൈക, പൂവരണി പി.ഒ.	ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലി. ഡീലർ [പെട്രോളിയം ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്യൽ/വിൽപ്പന]	A5-783/2018/ 21.02.2018

ചട്ടപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ അനുമതി സാക്ഷ്യപത്രങ്ങളും ലഭ്യമാക്കാതെ ലൈസൻസ് അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [10/03.01.2020], മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി സാക്ഷ്യപത്രം അനിവാര്യമല്ലായെന്നുള്ള കോടതി ഉത്തരവ് പ്രകാരമാണ് ലൈസൻസ് അനുവദിച്ച് നൽകിയതെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പെട്രോൾ പമ്പുകൾക്ക് പഞ്ചായത്ത് തലത്തിൽ ലൈസൻസ് അനുവദിച്ച് നൽകുമ്പോൾ അപേക്ഷയോടൊപ്പം, സ്ഥാപനത്തിന്റെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുവാൻ [പ്രത്യേക സാഹചര്യത്തിൽ പഞ്ചായത്ത് വ്യവഹാര നടപടികൾ നേരിടേണ്ടിവന്നാൽ, ആയതിന് നിയമപരിരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയും കൂടി] ആവശ്യമായ Explosive license, Petroleum Storage license, NOC issued by the District Authority, Tank Test Certificate, Certificate of Safety issued by competent person, etc തുടങ്ങി

നിയമപ്രകാരമുള്ള എല്ലാ അനുമതി സാക്ഷ്യപത്രങ്ങളുടെയും പകർപ്പുകൾ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ടി രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. തുടർ വർഷങ്ങളിൽ ലൈസൻസ് അപേക്ഷകളിൽ നടപടി സ്വീകരിക്കുമ്പോൾ വീഴ്ച ഉണ്ടാകാതെ, പ്രത്യേക ജാഗ്രത ഉണ്ടാകേണ്ടതാണ്.

1-17 ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്ത് വാർഡ് XII ൽ വള്ളോംകയത്ത് ജലനിധി കെട്ടിടത്തിന് ഭീഷണിയായി നിലനിന്നിരുന്ന ആഞ്ഞിലി മരത്തിന്, സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 13.09.2018 തീയതിയിലെ എസ്.എഫ്.02-1563/2018 നം. കത്ത് പ്രകാരം 98,298/- രൂപയുടെ വാല്യുവേഷൻ ലഭ്യമായിട്ടുള്ളതും 1,11,000/- രൂപയ്ക്ക് ശ്രീ.ഷാജി ജോസഫ്, ആനീസ് ടിംബർ ലാന്റ്, കരൂർ എന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടുള്ളതുമാണ്. ലേലത്തുകയുമായി ബന്ധപ്പെട്ടുള്ള ചരക്ക് സേവന നികുതി, ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ് [FDT] എന്നിവ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും, FDT തുകയായ 6,877/-രൂപ വനം വകുപ്പിന്റെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [06/03.01.2020], FDT തുകയായ 6,877/- രൂപ വനം വകുപ്പിന്റെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ, ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 അനധികൃതബോർഡുകൾ നീക്കം ചെയ്യൽ -ചെലവ് തുക ഈടാക്കിയില്ല

ബോർഡുകൾ/ഹോർഡിംഗുകൾ/ബാനറുകൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയുന്നതിന് ബഹു.ഹൈക്കോടതി 18.9.2018, 03.10.2018 തീയതികളിലായി പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോർഡുകൾ/ഹോർഡിംഗുകൾ/ബാനറുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നല്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പ് 7.3.2018, 6.10.2018 തീയതികളിൽ പുറപ്പെടുവിട്ടിട്ടുണ്ട്. ഇതു പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ/ഹോർഡിംഗുകൾ/ബാനറുകൾ എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 സി പ്രകാരം സെക്രട്ടറി നീക്കം ചെയ്യേണ്ടതാണ്. ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ബോർഡുകൾ നീക്കം ചെയ്തിട്ടുണ്ട്. ഇതിനായി വൗച്ചർ നം.21800650/26.11.2018 പ്രകാരം 7,920/- രൂപ (ചെക്ക് നം.7098/26.11.2018) ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 സി (2) പ്രകാരം ഇത്തരം ചെലവുകൾ ബോർഡുകൾ സ്ഥാപിച്ചവരിൽ നിന്നും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക കക്ഷികളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിന് ചെലവഴിച്ച തുക ടി കക്ഷികളിൽനിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മതിയായ നടപടി സ്വീകരിച്ച് പഞ്ചായത്തിന് ഉണ്ടായ ചെലവ് ഈടാക്കുന്നത് വരെ 7,920/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വിമുക്തി-ലഹരിവിരുദ്ധ ബോധവല്ക്കരണ പരിപാടിയുടെ ഭാഗമായി വാങ്ങിയ ഫുട്ബോളുകളുടെ വിതരണവിവരം ഇല്ല

ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായി എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് വിമുക്തി പദ്ധതിപ്രകാരം 25,000/-രൂപ ലഭ്യമാക്കിയിരുന്നു. സ്കൂൾകുട്ടികൾക്ക് ക്വിസ് മത്സരവും സമ്മാനവിതരണവും, ബോധവല്ക്കരണ സെമിനാർ, അനുബന്ധമായുണ്ടായ റിഫ്രഷ്മെന്റ് ചെലവുകൾ, സ്കൂളുകളിൽ വിതരണത്തിനായി RACE SPORTS, പാലാ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ 27 ഫുട്ബോളുകളുടെ വില എന്നിങ്ങനെയുള്ള ഇനങ്ങളിലായി 25,000/-രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ 16,497/-രൂപ ചെലവഴിച്ച്(വൗച്ചർ നം.21801084/25.3.19, ചെക്ക് നം.509151/25.3.19) RACE SPORTS, പാലായിൽനിന്ന് വാങ്ങിയ 27 ഫുട്ബോളുകളുടെ വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ഇവയുടെ അഭാവത്തിൽ വൗച്ചർ പ്രകാരമുള്ള 16,497/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ശുചിത്വമിഷൻ -തുക തിരിച്ചടവ് രേഖകൾ ലഭിച്ചില്ല

2013-14 ൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി ശുചിത്വമിഷനിൽ നിന്ന് ലഭിച്ചതിൽ ബാക്കിനിൽക്കുന്ന തുക തിരിച്ചടയ്ക്കണമെന്ന ശുചിത്വമിഷനിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം വൗച്ചർ നം.21801093/29.3.19 പ്രകാരം ഡിഡി. നം.584613/28.3.19 പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരത്തിന് 5,05,500/- നല്കിയിട്ടുണ്ട്. എന്നാൽ ടി തുക കൈപ്പറ്റിയതിന്റെ രേഖകൾ ശുചിത്വമിഷനിൽ നിന്ന് ലഭ്യമായിട്ടില്ല. തുകയുടെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ശുചിത്വമിഷനിൽ നിന്ന് രേഖകൾ ലഭിക്കാത്തതിനാൽ 5,05,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 മത്സ്യമാർക്കറ്റിൽ അനധികൃത ഇറച്ചി വ്യാപാരം

ഗ്രാമപഞ്ചായത്തിന്റെ പൈകയിലെ മത്സ്യമാർക്കറ്റ് സ്റ്റാളുകൾ നിലവിൽ ലേലം ചെയ്തിട്ടുണ്ട്. 06.01.2020 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത മാർക്കറ്റിലെ സ്റ്റാളിൽ ഇറച്ചി വില്പന നടക്കുന്നതായും കണ്ടു. അനധികൃതമായ ഇറച്ചി വില്പന 17.06.2016 ൽ WP(C)9297/2006നം.കേസിലെ ബഹു.ഹൈക്കോടതി വിധിയുടെ ലംഘനമാണ്. ആയതിനാൽ ഇപ്രകാരം ഇറച്ചിവ്യാപാരം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് നല്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദീകരണം രേഖാമൂലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(28/6.1.2020) മറുപടി ലഭിച്ചില്ല. എന്നാൽ ഓഡിറ്റ് വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇറച്ചിവില്പന പഞ്ചായത്ത് അധികൃതർ ഒഴിപ്പിച്ചതായി എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു. ഉദ്യോഗസ്ഥരുടെ സ്ഥിരമായ പരിശോധന ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തികൾ- കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയക്രമം പാലിച്ച് പൂർത്തിയാക്കാതിരുന്നിട്ടും 01.02.2012ലെ സർക്കാർ ഉത്തരവ് നം.13/2012/പിഡബ്ല്യു.ഡി (പൊതുമരാമത്ത് മാനുവൽ) 2112-1 പ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ	മുത്തോലി ജങ്ക്ഷൻ/കപ്പലുമാംകുന്ന് റോഡ് ടാറിങ്ങ് 101/2018,153/19
കരാറുകാരൻ	മത്തച്ചൻ എം. വാടാന
കരാർ നമ്പർ/തീയതി	31/AE/LSGD/MNL/16-17 Dt.05.10.2017
അടങ്കൽ	3,00,000/-(മെയിന്റനൻസ് ഫണ്ട്)
പൂർത്തീകരണ സമയം	3 മാസം
നികുതി അടക്കം ആകെ ചെലവ്	2,29,847/-
കരാറുകാരന് നല്കിയ തുക	2,22,314/-
എം ബുക്ക് നം.	33/17-18
ബിൽ നം./തീയതി	9/18-19/26.6.18
പൂർത്തീകരിക്കേണ്ട തീയതി	05.01.2018
പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത് (20% ഗ്രേസ് പിരീഡ്)	ഇല്ല (ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല)
പൂർത്തിയായത്	08.03.2018

പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ	കൃഷി ഭവൻ കോമ്പൗണ്ട് നവീകരണം, 163/2018,165/19
കൺവീനർ	ഷേർലി ബേബി
കരാർ നമ്പർ/തീയതി	46/AE/LSGD/MNL/16-17 Dt.08.03.2017
അടങ്കൽ	2,28,030/-(മെയിന്റനൻസ് ഫണ്ട്)
പൂർത്തീകരണ സമയം	3 മാസം
നികുതി അടക്കം ആകെ ചെലവ്	2,28,030/-
കൺവീനർക്ക് നല്കിയ തുക	2,21,189/-
എം ബുക്ക് നം.	46/16-17
ബിൽ നം./തീയതി	2/18-19 തീയതി 12.6.18
പൂർത്തീകരിക്കേണ്ട തീയതി	07.06.2017
പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്)	ഇല്ല(ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല)
പൂർത്തിയായത്	08.03.2018

01.02.2012ലെ സർക്കാർ ഉത്തരവ് നം.13/2012/പിഡബ്ല്യു.ഡി (പൊതുമരാമത്ത് മാന്വൽ) 2112-1 പ്രകാരം കാലതാമസത്തിനുള്ള ഫൈൻ ഈടാക്കിയിട്ടില്ല.

കരാർ പ്രകാരം, സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കണമെന്ന് പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.18/3.1.2020) മറുപടിയായി ടാറിങ്ങ് പ്രവൃത്തിക്കാവശ്യമായ ടാറിന്റെ ലഭ്യതക്കുറവും കൃഷിഭവൻ ചുറ്റുമതിൽ നിർമ്മാണത്തിന് ഈ കെട്ടിടത്തിനോട് ചേർന്നുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതും കാരണമായി ചൂണ്ടിക്കാട്ടി മറുപടി നൽകി. എന്നാൽ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന രീതിയിൽ കൃത്യസമയത്ത് കരാറുകാരൻ അപേക്ഷ സമർപ്പിച്ച് സമയം ദീർഘിപ്പിച്ച് വാങ്ങാത്തതിനാൽ മറുപടി സ്വീകാര്യമല്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത്

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം.	പ്രോജക്ട്	ചെലവ് തുക	ബിൽ നം./ തീയതി
148/18-19	പൊരിയത്ത് പടവും പുരയ്ക്കൽ റോഡ് കോൺക്രീറ്റിങ്ങ്	2,19,915	06/18-19 തീയതി 26.06.2018
151/18-19	കോക്കാട്ട് പടി വാഴമറ്റം റോഡ് കോൺക്രീറ്റിങ്ങ്	1,31,844	05/18-19 തീയതി 26.06.2018
	ആകെ	**3,51,759**	

പ്രവൃത്തികളുടെ എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം അന്വേഷണക്കുറിപ്പ് നം.19/3.1.2020 മുഖേന ആവശ്യപ്പെട്ടതിന് പുതിയ ഓഫീസ് നിർമ്മാണത്തിന് ശേഷം കണ്ടെത്താനായിട്ടില്ല എന്നും കണ്ടെത്തിയാലുടനെ ഹാജരാക്കുന്നതാണന്നും മറുപടി നൽകി. എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ മേൽ പ്രവൃത്തികൾക്കായുള്ള 3,51,759 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എം ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-24 ആധുനിക മത്സ്യമാർക്കറ്റ് -ആസ്തിയുടെ സംരംക്ഷണത്തിലും പരിപാലനത്തിലും വീഴ്ച- ശീതീകരണ യൂണിറ്റ് നാശോന്മുഖമായിരിക്കുന്നു

കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ 2015-16 വർഷം പഞ്ചായത്തിന് നിർമ്മിച്ച് നൽകിയ പൈക ടൗണിലുള്ള ആധുനികമത്സ്യമാർക്കറ്റിലെ ശീതീകരണ യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ശീതീകരണ യൂണിറ്റിലെ യന്ത്രങ്ങളെല്ലാം തുരുമ്പിച്ച് നാശോന്മുഖമായിരിക്കുന്നതായും ചില യന്ത്രഭാഗങ്ങൾ മോഷ്ടിക്കപ്പെട്ടതായും ഓഡിറ്റ് വിഭാഗം 06.01.2020 ൽ പൈക മത്സ്യമാർക്കറ്റിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആസ്തിയുടെ സംരംക്ഷണത്തിലും പരിപാലനത്തിലും വീഴ്ച ഉണ്ടായതായി കാണുന്നു. മത്സ്യമാർക്കറ്റിലെ ശീതീകരണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അടിയന്തിരമായി അറിയിക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന്(നം.27/6.1.2020) ലഭ്യമാക്കിയ മറുപടി സ്വീകാര്യമല്ല. തീരദേശ വികസന കോർപ്പറേഷനിൽ നിന്നും യൂണിറ്റിന്റെ ഉപയോഗത്തിൽ വ്യക്തത വരുത്തിയും വൈദ്യുതി ലഭ്യമാക്കിയും മത്സ്യമാർക്കറ്റിലെ ശീതീകരണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-25 ആധുനിക അറവുശാല-നിഷ്ക്രിയ ആസ്തിയായി തുടരുന്നു

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ പൈകയിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് 2007-08, 2008-09 വർഷങ്ങളിലായി ആകെ 9,23,107/-രൂപ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിക്ഷേപിച്ച് മാലിന്യസംസ്കരണപ്ലാന്റ് സ്ഥാപിക്കുകയും 4,56,000/- രൂപ പി.ഡബ്ല്യു.ഡി (കെട്ടിടം)യിൽ നിക്ഷേപിച്ച് അറവുശാല നവീകരിക്കുകയും ചെയ്തു. 2017-18 ൽ വികസനഫണ്ടിൽ നിന്നും 1,09,056 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 32845 രൂപയും ഉൾപ്പടെ ആകെ 1,41,901 രൂപ ചെലവഴിച്ച് പെയിന്റിംഗ്, ക്ലീനിംഗ് മുതലായ പ്രവൃത്തികൾ ചെയ്തു. 2018-19 ൽ വികസനഫണ്ടിൽ നിന്നും 82,901 രൂപ ചെലവഴിച്ച് നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമല്ലാത്തതിനാലും, അറവുശാല കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാലും നിലവിലും അറവുശാല പ്രവർത്തിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ജില്ലാ ശുചിത്വ മിഷൻ നടത്തിയ പരിശോധനയിൽ ഒരു ആധുനിക അറവുശാലയ്ക്കുവേണ്ട സംവിധാനങ്ങൾ നിലവിലുള്ള അറവുശാല കെട്ടിടത്തിൽ സ്ഥാപിക്കുന്നതിന് സ്ഥലപരിമിതിയും, ഉയരപരിമിതിയും കാരണം സാധിക്കുകയില്ലെന്നും ടി സാഹചര്യത്തിൽ നിലവിലുള്ള അറവുശാല

കെട്ടിടം പുനർ നിർമ്മാണം നടത്താതെ ആധുനിക അറവുശാലയാക്കി മാറ്റുന്നതിന് സാധിക്കുകയില്ലയെന്നും സി.2025/2018/DSM/KTM/ തീയതി 25.09.18 നമ്പർ കത്ത് പ്രകാരം ശുചിത്വമിഷൻ അറിയിച്ചിട്ടുണ്ട്. അറവുശാലകെട്ടിടവും സ്റ്റാളും ഇപ്പോഴും നിഷ്ക്രിയ ആസ്തിയായി തുടരുന്നതായി കാണുന്നു. ഈ അവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന്(നം.4/3.1.2020) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചടത്തോളം ഏറ്റവും അടിയന്തിര പ്രാധാന്യത്തോടെ പരിഹാര നടപടികൾ അനിവാര്യമായ ഒരു വിഷയമാണിത്. ടി വിഷയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും മറുപടി ലഭ്യമാക്കാത്ത നടപടി ഉചിതമല്ല. അറവുശാലകെട്ടിടവും സ്റ്റാളും പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ആധുനിക അറവുശാല നിഷ്ക്രിയ ആസ്തിയായി തുടരുന്നതിനാൽ 2018-19ലെ ചെലവ് തുക 82,901 രൂപ(ബിൽ നം.21/18-19 തീയതി 21.11.18 പ്രോജക്ട് നം.163/19) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അറവുശാല കെട്ടിടവും സ്റ്റാളും പ്രവർത്തനക്ഷമമാക്കി വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-26 അങ്കണവാടിയുടെ മുകൾനിലയിൽ പോസ്റ്റോഫീസ് പ്രവർത്തനം -കരാർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇല്ല

76-ാം നം.കുറ്റില്ലം അങ്കണവാടിയുടെ മുകൾ നിലയിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിച്ചുവരുന്നതായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.10.18 ലെ 20/2 തീരുമാനത്തിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പോസ്റ്റോഫീസ് പ്രവർത്തനം സംബന്ധിച്ച പഞ്ചായത്തുമായുള്ള കരാർ, വാടക വിവരം, കറന്റ് ചാർജ് സംബന്ധിച്ച നിബന്ധന തുടങ്ങിയ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.25/6.1.2020) നൽകിയ മറുപടിയിൽ 24.1.18ലെ 18(1)കമ്മിറ്റി തീരുമാനപ്രകാരമാണ് പോസ്റ്റോഫീസ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയതെന്നും കരാറുകൾ ഒന്നും തന്നെയില്ലായെന്നും അറിയിച്ചു. കൂടാതെ വാടക ഈടാക്കുന്നില്ലായെന്നും വൈദ്യുതി ചാർജ് പഞ്ചായത്താണ് ഒടുക്കുന്നതെന്നും അറിയിച്ചു. പോസ്റ്റോഫീസിന്റെ പ്രവർത്തനം നിയമാനുസൃതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 ലൈഫ് മിഷൻ [ജനറൽ] - പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.	SOO170/2018-19
പദ്ധതി	ലൈഫ് മിഷൻ [ജനറൽ] പദ്ധതി
അടങ്കൽ തുക	1,20,00,000/-
ചെലവ് തുക	60,58,000/-
ബിൽ നം.	BRN: 18090352058900356432/23.07.2018
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇടമറ്റം

ശ്രീമതി ശാരദ കേശവൻ, വടക്കേമുറിയിൽ, പൂവത്തോട് എന്നയാൾക്ക് ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ ഗഡുവായ 40,000/- രൂപ 23.07.2018 തീയതിയിലും, തുടർന്ന് 19.02.2019 തീയതിയിൽ ഹഡ്കോ വായ്പയിനത്തിൽ 1,60,000/- രൂപയും ഉൾപ്പെടെ ആകെ 2,00,000/- രൂപ, എസ്.ബി.ഐ പൂവരണി ശാഖയിലുള്ള 67230742385 നം. അക്കൗണ്ടിലേക്ക്, ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ടി യാളുടെ ഭവന നിർമ്മാണം, 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളതും, നടപ്പ് സാമ്പത്തിക വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതികളിൽ പദ്ധതി തുക ഗുണഭോക്താവിന് അനുവദിച്ച് നൽകിയിരുന്നെങ്കിലും, ആനുപാതികമായ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. കരാർ രേഖകൾ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലയളവിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണം എന്നിരിക്കെ, പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തിട്ടും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [26/06.01.2020], നിർമ്മാണ സാമഗ്രികൾ ബന്ധപ്പെട്ട സ്ഥലത്തേക്ക് എത്തിക്കുന്നതിലുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകളും കക്ഷിയുടെ അനാരോഗ്യവും ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദീകരിക്കുകയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി, ഓഡിറ്റ് വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും എന്നാൽ നാളിതുവരെ പൂർത്തീകരിക്കാത്തതുമായ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായുള്ള 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച്, ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ലൈഫ് മിഷൻ-അവലോകനം

ലൈഫ് മിഷൻ(ജനറൽ)പദ്ധതിയിൽ (പദ്ധതി നം.170/18-19), '24' ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, '03' ഭവനങ്ങൾ 2018-19ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് '21' ഭവനങ്ങളുടെ നിർമ്മാണം 2019-20 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഏറ്റെടുക്കുകയും, '14'

ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ലൈഫ് മിഷൻ (എസ്.സി.)പദ്ധതിയിൽ (പദ്ധതി നം.171/18-19)ഒരു ഗുണഭോക്താവ് കരാറിലേർപ്പെട്ടിട്ടുള്ളതും, 2019-20 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഏറ്റെടുക്കുകയും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

1-28 മെഷിനറി ഫീ ഈടാക്കിയതിൽ കുറവ്

സ്ഥാപനത്തിന്റെ പേര്	മരിയ ഗ്രാനൈറ്റ്സ്, ചാത്തൻകുളം, മല്ലികശ്ശേരി, പൈക
വ്യാപാരത്തിന്റെ സ്വഭാവം	പാറമട

രേഖകളുടെ അടിസ്ഥാനത്തിലും 27.03.2018 ലെ സബ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും 06.04.2018 ലെ ഗ്രാ.പ കമ്മിറ്റിയുടെ തീരുമാനം നം.5 അടിസ്ഥാനത്തിലും മരിയ ഗ്രാനൈറ്റ്സിന്റെ പാറമടയ്ക്ക് 2018-19 വർഷത്തെ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. രേഖകൾ പ്രകാരം സ്ഥാപനത്തിൽ 760 Hp യുടെ യന്ത്രസാമിഗ്രികൾ ഉപയോഗിക്കുന്നുണ്ട്.

760 Hp യുടെ യന്ത്രസാമിഗ്രികൾക്കായി ഈടാക്കിയ മെഷിനറി ഫീ - 4,210/- രൂപയാണ് [രസീത് നം. 117010104841/31.03.2018]

എന്നാൽ 760 Hp യുടെ യന്ത്രസാമിഗ്രികൾക്കായി മെഷിനറി ഫീ ആയി- 7,600/- രൂപ [2000+5600] ഈടാക്കേണ്ടിയിരുന്നു.

ഈടാക്കിയ മെഷിനറി ഫീസിനത്തിൽ 3,390/- രൂപയുടെ കുറവ് ഉണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് [09/03.01.2020] നൽകിയതിന്റെ അടിസ്ഥാനത്തിൽ, 04.01.2020 തീയതിയിലെ 119010103536 നം. രസീത് പ്രകാരം, 3,390/- രൂപ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇപ്രകാരമൊരു കുറവുണ്ടായത് ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ച നിയന്ത്രണങ്ങളിലെ അപര്യാപ്തത മൂലമാണ്. തുടർ വർഷങ്ങളിൽ ഇത്തരം പിഴവുകൾ സംഭവിക്കാതെ ലൈസൻസ് അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി

2018-19	27.5.2019, 28.5.2019	കെ.എസ്.എ- കെ.ടി.എം.പി7/739/2019/3.6.19

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാപഞ്ചായത്ത്	2018-19	4,06,993	ലൈഫ് ഭവനപദ്ധതി	4,06,993	
,,	,,	1,50,000	ഭിന്നശേഷി സ്കോളർഷിപ്പ്	1,50,000	
,,	,,	5,00,000	സുജലം പദ്ധതി	0	5,00,000
,,	,,	2,00,000	പാലിന് സബ്സിഡി	2,00,000	
,,	,,	52,095	അനുപൂരക പോഷകാഹാരം	52,095	
ഊലം ബ്ലോക്ക് പഞ്ചായത്ത്	,,	2,00,000	പാലിയേറ്റീവ് പരിചരണം	2,00,000	
,,	,,	6,45,961	ലൈഫ് ഭവനപദ്ധതി	6,45,961	
,,	,,	1,00,000	പാലിന് സബ്സിഡി	1,00,000	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ(4/19)	2,18,00,958	1,87,620	0	1,87,620
,,	മുട്ടിയാനിക്കുന്ന് -മുകളേപ്പീടിക സ്ട്രീറ്റ് മെയിൻ(5/19)	2,18,00,959	1,50,000	0	1,50,000
,,	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 11-ാം വാർഡ്(184/19)	2,18,01,099	84,960	0	84,960
,,	പൈക ഫിഷ് മാർക്കറ്റിലേക്ക് വൈദ്യുത കണക്ഷൻ (9/19)	ബിൽ നം.3/19/ 25.5.18	30,320	30,320	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവനപദ്ധതിക്കായി ഹഡ്കോയിൽ നിന്നുള്ള വായ്പയിനത്തിൽ 29,35,046/- രൂപ വരവുണ്ട്. 29,35,046/-രൂപ വിനിയോഗിച്ചിട്ടുമുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക

				മുതൽ	പലിശ	
ഇ.എം.എസ്. ഭവന പദ്ധതി	ജി.ഒ.(എം.എസ്.) 1317/2010/ എൽ.എസ്.ജി.ഡി. തീയതി 16.04.2010	1)24,21,250/- എസ്.സി.ബി മീനച്ചിൽ	0	0	0	മുതൽ അടച്ചു തീർന്നു.
		2)27,63,000 എസ്.സി.ബി പൂവരണി	4,43,686	443686	0	പലിശ സർക്കാർ അടയേക്കണ്ടതുണ്ട്.
മീനച്ചിൽ ഭവന പദ്ധതി	ജി.ഒ.(എം.എസ്.) 83/2013/ എൽ.എസ്.ജി.ഡി. തീയതി-11.03.2013	46,00,000 എസ്.സി.ബി പൂവരണി	35,60,000	5,20,000	344714	30,40,000
ലൈഫ് ഭവന പദ്ധതി, കെ.യു.ആർ.ഡി.എഫ്.സി ലോൺ	ജി.ഒ.(എം.എസ്) 68/2018, 18.05.2018, ജി.ഒ.(എം.എസ്) 100/2018, 30.07.2018	29,35,046	29,35,046	0	0	29,35,046

4-6 സ്ഥിര നിക്ഷേപം
വാർഷിക കണക്കുകൾ പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-7 ഓഡിറ്റ് റിക്കവറി
ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടവയിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം
ചാർജ്/സർചാർജ് നടപടികൾ തുടരുന്ന പരാമർശങ്ങൾ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	5,13,15,614
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	4,76,10,603
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	11,64,577

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	7,920	ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി
1-19	16,497	ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി
1-20	5,05,500	ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി
1-23	3,51,759	ശ്രീ.രാജേഷ് ഡി.നായർ, ഓവർസിയർ (അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ചാർജ്)
1-25	82,901	ശ്രീമതി സ്മിത കെ., അസിസ്റ്റന്റ് എഞ്ചിനീയർ
1-27	2,00,000	ശ്രീ.അജിത്കുമാർ ജി., വി.ഇ.ഒ., ഇടമറ്റം

		ശ്രീമതി രാജിമോൾ കെ.ആർ., വി.ഇ.ഒ., ഇടമറ്റം
ആകെ	**11,64,577**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-02 പ്ലാൻ	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	10	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(4)/ 18/06.03.18	1	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	
2003-04	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(5)/ 18/06.03.18	2	
2004-05	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(6)/ 18/06.03.18	1	
2006-07	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(7)/ 18/06.03.18	7	
2007-08	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(8)/ 18/06.03.18	6	
2008-09	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(9)/ 18/06.03.18	12	
2009-10	നം.കെ.എസ്.എ-കെ.ടി.എം.പി.7/285/16/10.5.16		
2010-11, 2011-12	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(10)/ 18/06.03.18	5	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/ 15/20.09.15	13	

2013-14, 2014-15	നം.കെ.എസ്.എ-കെ.ടി.എം.പി.7/1283/16/30.5.17	18	
2015-16	നം.കെ.എസ്.എ-കെ.ടി.എം.പി.7/1863/17/19.1.18	15	
2016-17	നം.കെ.എസ്.എ-കെ.ടി.എം.പി7-375/2018/ 08.03.2018/17.03.2018	15	
2017-18	നം.കെ.എസ്.എ-കെ.ടി.എം.പി7/839/2019/3.9.19	21	

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി7/21/2020 **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:27.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം